തീർച്ചയായും നബി -ﷺ- യുടെ സ്വഭാവം ഖുർആനായിരുന്നു

സഅ്ദ് ബ്നു ഹിശാം പറയുന്നു: "ഞാൻ ആഇശ -رَضِيَ اللَّهُ عَنْهَا- യെ സന്ദർശിച്ചപ്പോൾ അവരോട് പറഞ്ഞു: "മുഅ്മിനീങ്ങളുടെ മാതാവേ! അല്ലാഹുവിന്റെ റസൂൽ -ﷺ- യുടെ സ്വഭാവത്തെ കുറിച്ച് എനിക്ക് അറിയിച്ചു തന്നാലും." അവർ പറഞ്ഞു: "നീ ഖുർആൻ പാരായണം ചെയ്യാറില്ലേ?" ഞാൻ പറഞ്ഞു: "അതെ." അവർ പറഞ്ഞു: "തീർച്ചയായും നബി -ﷺ- യുടെ സ്വഭാവം ഖുർആനായിരുന്നു."

[صحيح] [رواه مسلم في جملة حديثٍ طويلٍ]

നബി -ﷺ- യുടെ പത്നിയും, വിശ്വാസികളുടെ മാതാവുമായ ആഇശ -رَضِيَ اللَّهُ عَنْهَا- യോട് നബി -ﷺ- യുടെ സ്വഭാവത്തെ കുറിച്ച് ചോദിച്ചപ്പോൾ അവർ ഏറ്റവും സംക്ഷിത്പവും ആശയസമ്പുഷ്ടവുമായ ഉത്തരമാണ് അതിന് നൽകിയത്. എല്ലാ മാന്യമായ സ്വഭാവങ്ങളുടെയും പൂർണ്ണത ഉൾക്കൊള്ളുന്ന വിശുദ്ധ ഖുർആനിലേക്ക് അവർ ചോദ്യകർത്താവിന്റെ ശ്രദ്ധ ക്ഷണിച്ചു. നബി -ﷺ- വിശുദ്ധ ഖുർആനിലെ സ്വഭാവമാണ് തന്റെ സ്വഭാവമര്യാദയായി ജീവിതത്തിൽ പുലർത്തിയിരുന്നത് എന്നായിരുന്നു അവർ പറഞ്ഞത്. ഖുർആൻ കൽപ്പിച്ചതെല്ലാം അവിടുന്ന് പുലർത്തുകയും, ഖുർആൻ വിലക്കിയതെല്ലാം അവിടുന്ന് ഉപേക്ഷിക്കുകയും ചെയ്തു. നബി -ﷺ- യുടെ സ്വഭാവമെന്നാൽ ഖുർആൻ ജീവിതത്തിൽ പ്രാവർത്തികമാക്കലായിരുന്നു. അതിലെ വിധിവിലക്കുകളിൽ അവിടുന്ന് നിലകൊള്ളുകയും, അതിലെ മര്യാദകൾ ജീവിതത്തിൽ പാലിക്കുകയും, അതിലെ ഉദാഹരണങ്ങളിൽ നിന്നും ചരിത്രങ്ങളിൽ നിന്നും അവിടുന്ന് പാഠമുൾക്കൊള്ളുകയും ചെയ്തു.

http://www.sunnah.global/hadeeth/ml/show/8265